REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 10-09-2024** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- **കാൻസർ ചികിത്സാ മരുന്നുകളുടെ GST അഞ്ച് ശതമാനമായി കുറയ്ക്കാൻ 54-ാമത് GST കൗൺസിൽ യോഗം തീരുമാനിച്ചു.**
- **ആണവോർജം, പെട്രോളിയം എന്നിവയടക്കം മേഖലകളിലെ അഞ്ച് കരാറുകളിൽ ഇന്ത്യയും UAE യും ഒപ്പുവച്ചു.**
- **വയനാട്ടിലെ ഉരുൾപൊട്ടൽ ദുരന്തത്തിൽ, താത്ക്കാലിക വീടുകളിൽ കഴിയുന്നവർക്ക് ഓണത്തിന് മുൻപ് വാടകത്തുക നൽകുമെന്ന് മന്ത്രി K രാജൻ.**
- **കേരള സൂപ്പർ ലീഗ് ഫുട്ബോളിൽ കാലിക്കറ്റ് FC യുടെ ആദ്യമത്സരം ഇന്ന്.**

## വാർത്തകൾ വിശദമായി

**കാൻസർ ചികിത്സാ മരുന്നുകളുടെ GST അഞ്ച് ശതമാനമായി കുറയ്ക്കാൻ ഇന്നലെ ചേർന്ന 54-ാമത് GST കൗൺസിൽ യോഗം തീരുമാനിച്ചു. നിലവിൽ 12 ശതമാനമാണ് കാൻസർ മരുന്നുകളുടെ നികുതി. കാൻസർ ചികിത്സയുടെ ചെലവ് കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെയാണ് നടപടിയെന്ന് ധനമന്ത്രി നിർമ്മലാ സീതാരാമൻ ന്യൂഡൽഹിയിൽ പറഞ്ഞു.**

**ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ**

**.....(വോയ്സ്)....**

**കേന്ദ്ര- സംസ്ഥാന ഗവൺമെന്റുകളുടെ നിയമപ്രകാരം രൂപീകരിച്ചതും, ആദായനികുതി ഇളവ് ലഭിക്കുന്നതുമായ സർവകലാശാലാ ഗവേഷണ ഫണ്ടിന് GST ഒഴിവാക്കാനും കൗൺസിൽ യോഗം തീരുമാനിച്ചു. ഹെൽത്ത് ഇൻഷുറൻസിന് നികുതി കുറയ്ക്കുന്ന കാര്യത്തിൽ റിപ്പോർട്ട് നൽകാൻ**

മന്ത്രിതല സംഘം രൂപീകരിക്കാനും തീരുമാനിച്ചതായി ധനമന്ത്രി പറഞ്ഞു. അടുത്ത മാസം അവസാനത്തോടെ സംഘം റിപ്പോർട്ട് തയ്യാറാക്കും. ഇതിന്റെ അടിസ്ഥാനത്തിൽ നവംബറിൽ ചേരുന്ന യോഗം നിരക്ക് കുറയ്ക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനമെടുക്കും. നഷ്ടപരിഹാര സെസിന്റെ കാര്യത്തിലും മന്ത്രിതല സംഘം രൂപീകരിക്കാനും യോഗത്തിൽ തീരുമാനമായി.

റിയൽഎസ്റ്റേറ്റ്, ഓൺലൈൻ ഗെയിമിംഗ്, കാസിനോകൾ എന്നിവയുടെ നികുതി നിരക്ക് പരിശോധിക്കാൻ നിയോഗിച്ച മന്ത്രിതല സംഘം സ്ഥിതിവിവര റിപ്പോർട്ട് ഇന്നലെ സമർപ്പിച്ചതായി ധനമന്ത്രി അറിയിച്ചു.

കാർസീറ്റുകളുടെ GST പതിനെട്ട് ശതമാനത്തിൽ നിന്ന് 28 ശതമാനമായി വർദ്ധിപ്പിക്കാൻ യോഗം തീരുമാനിച്ചു. റെയിൽവെയുടെ എയർകണ്ടീഷൻ യൂണിറ്റുകൾക്ക് 28 ശതമാനം നികുതി ഏർപ്പെടുത്തും. സിവിൽ- വ്യോമയാന ഡയറക്ടറേറ്റിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന പൈലറ്റ് പരിശീലന സ്ഥാപനങ്ങളെ GST യിൽ നിന്ന് ഒഴിവാക്കി.

✪✪✪

പത്മ പുരസ്കാരങ്ങൾക്ക് അർഹരായ കൂടുതൽ ആളുകളെ നാമനിർദ്ദേശം ചെയ്യാൻ പ്രധാനമന്ത്രി നരേന്ദ്രമോദി ആവശ്യപ്പെട്ടു. സമൂഹത്തിന് പ്രചോദനമാകുന്ന വ്യക്തികളെ ഈ മാസം 15 നകം നാമനിർദ്ദേശം ചെയ്യാമെന്ന് അദ്ദേഹം സാമൂഹ്യമാധ്യമപോസ്റ്റിൽ കുറിച്ചു. ഇതിനകം തന്നെ ഒട്ടേറെ പത്മ പുരസ്കാര നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടെന്നും പ്രധാനമന്ത്രി അറിയിച്ചു.

✪✪✪

ഇന്ത്യൻ സൈബർ ക്രൈം കോ-ഓർഡിനേഷൻ സെന്ററിന്റെ ആദ്യ സ്ഥാപക ദിനാഘോഷത്തെ ഇന്ന് ആഭ്യന്തര മന്ത്രി അമിത്ഷാ അഭിസംബോധന ചെയ്യും. സൈബർ കുറ്റകൃത്യങ്ങൾക്കെതിരായ സുപ്രധാന സംരംഭങ്ങൾക്ക് തുടക്കം കുറിച്ച് സൈബർ ഫ്രോഡ് മിറ്റിഗേഷൻ സെന്റർ അദ്ദേഹം രാജ്യത്തിന് സമർപ്പിയ്ക്കും. j സൈബർ കുറ്റകൃത്യങ്ങളും, അന്വേഷണവുമായി ബന്ധപ്പെട്ട സംയുക്ത സംവിധാനം 'സമന്വയ' ചടങ്ങിൽ അമിത്ഷാ ഉദ്ഘാടനം ചെയ്യും. സൈബർ കുറ്റകൃത്യങ്ങളുടെ വിവരങ്ങളും, ഡാറ്റാ പങ്കുവെയ്ക്കലും, മാപ്പിംഗും, വിശകലനവും ഉൾപ്പെടെ വെബ് അധിഷ്ഠിത ഏകജാലക സംവിധാനമാണ് സമന്വയ.

സൈബർ കുറ്റകൃത്യങ്ങളുടെ ഭീഷണി നേരിടാൻ സംസ്ഥാനങ്ങളിലും, കേന്ദ്രഭരണ പ്രദേശങ്ങളിലും പ്രത്യേക പരിശീലനം ലഭിച്ചവരെ ഉൾപ്പെടുത്തി, സൈബർ കമാൻഡോസ് പരിപാടിയ്ക്കും ആഭ്യന്തരമന്ത്രി തുടക്കമിടും. സാമ്പത്തിക തട്ടിപ്പുകളുമായി ബന്ധപ്പെട്ടവരുടെ സസ്പെക്ട് രജിസ്ട്രിയും അമിത്ഷാ പ്രകാശനം ചെയ്യും.

✪✪✪

ഔദ്യോഗിക ഭാഷ സംബന്ധിച്ച പാർലമെന്ററി സമിതിയുടെ ചെയർപേഴ്സണായി കേന്ദ്രമന്ത്രി അമിത്ഷായെ ഏകകണ്ഠമായി വീണ്ടും തിരഞ്ഞെടുത്തു. കഴിഞ്ഞ അഞ്ച് വർഷവും അമിത്ഷാ തന്നെയായിരുന്നു സമിതിയുടെ അധ്യക്ഷൻ. 2047 ഓടെ എല്ലാ ഗവൺമെന്റ് സംവിധാനങ്ങളും ഇന്ത്യൻ ഭാഷകളിലാക്കുകയെന്ന ദൗത്യത്തിലേക്കാണ് ഗവൺമെന്റ് മുന്നേറുന്നതെന്ന് അമിത്ഷാ പറഞ്ഞു. ഭരണഘടനയുടെ എട്ടാം ഷെഡ്യൂളിൽ ഉൾപ്പെട്ട എല്ലാ ഭാഷകളിലേക്കും വിവർത്തനം സാധ്യമാക്കുന്ന സോഫ്റ്റ്-വെയർ ഔദ്യോഗിക ഭാഷാ വകുപ്പ് വികസിപ്പിച്ചു വരികയാണെന്നും അമിത്ഷാ ന്യൂഡൽഹിയിൽ പറഞ്ഞു.

✪✪✪

സിവിൽ - വ്യോമയാനം സംബന്ധിച്ച രണ്ടാമത് ഏഷ്യാ- പസഫിക് മന്ത്രിതല സമ്മേളനം നാളെയും മറ്റന്നാളും ന്യൂഡൽഹിയിൽ ചേരും. പ്രാദേശിക വ്യോമയാന വളർച്ചയും സുസ്ഥിരതയുമാണ് ഇന്ത്യ ലക്ഷ്യമിടുന്നതെന്ന് കേന്ദ്രമന്ത്രി കിഞ്ജരാപ്പു റാംമോഹൻ നായിഡു ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

പ്രഥമ PP മുകുന്ദൻ സേവാ പുരസ്കാരത്തിന് കേന്ദ്ര സഹ മന്ത്രി സുരേഷ് ഗോപിയെ തിരഞ്ഞെടുത്തു. മികച്ച സേവന പ്രവർത്തകർക്ക് ഏർപ്പെടുത്തിയ പുരസ്കാരം അടുത്ത വെള്ളിയാഴ്ച കോഴിക്കോട്ട് "വന്ദേമുകുന്ദം" പരിപാടിയിൽ ഗോവ ഗവർണർ PS ശ്രീധരൻ പിള്ള സുരേഷ് ഗോപിക്ക് സമ്മാനിക്കും. വർഷങ്ങളായി രാഷ്ട്രീയ സാമൂഹിക സേവന രംഗങ്ങളിൽ നിറസാന്നിധ്യമായി മാറിയ വ്യക്തിയെന്ന നിലയിലാണ് സുരേഷ്ഗോപിയെ അവാർഡിന് തെരഞ്ഞെടുത്തതെന്ന് ജൂറി അംഗങ്ങൾ അറിയിച്ചു.

✪✪✪

സംസ്ഥാനത്തെ വെള്ള, നീല റേഷൻകാർഡ് ഉടമകൾക്ക് ഓണത്തിന് പത്ത് കിലോ അരി അധികമായി നൽകുമെന്ന് മന്ത്രി G R അനിൽ തിരുവനന്തപുരത്ത് അറിയിച്ചു. 52 ലക്ഷം കുടുംബങ്ങൾക്ക് മട്ടഅരിയാണ് വിതരണം ചെയ്യുന്നത്. BPL കാർഡുകാരുടെ 30 കിലോ അരിയിൽ പകുതി മട്ടയായി നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

✪✪✪

വയനാട്ടിലെ ഉരുൾപൊട്ടൽ ദുരന്തത്തിൽ ഇപ്പോൾ താത്ക്കാലിക വീടുകളിൽ കഴിയുന്നവർക്ക് ഓണത്തിന് മുൻപ് വാടകത്തുക നൽകുമെന്ന് മന്ത്രി K രാജൻ അറിയിച്ചു. 535 കുടുംബങ്ങൾക്ക് ബാങ്ക് അക്കൗണ്ടുകളിലേക്ക് തുക

കൈമാറാൻ വൈത്തിരി താലൂക്ക് ഓഫീസിൽ സജ്ജീകരണങ്ങൾ പൂർത്തിയാക്കിയതായി മന്ത്രി ചൂണ്ടേൽ സ്കൂളിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ബന്ധുവീടുകളിലേക്ക് മാറിത്താമസിച്ച 174 പേരുടെ പട്ടിക മേപ്പാടി ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയിട്ടുണ്ട്. 24 പേർ സ്വന്തം വീടുകളിലേക്കും മാറിത്താമസിച്ചതായും മന്ത്രി പറഞ്ഞു.

അടിയന്തര സഹായമായി നൽകുന്ന പതിനായിരം രൂപ 931 കുടുംബങ്ങൾക്ക് ഇതിനകം കൈമാറിക്കഴിഞ്ഞു. സംസ്കാര ചടങ്ങുകൾക്ക്, 173 പേർക്ക് സഹായധനം നൽകി. വീടുകൾ പൂർണമായും നഷ്ടപ്പെട്ടവർക്ക് പുനരധിവാസം ഒരുക്കുന്നതു സംബന്ധിച്ച വിവരങ്ങളും, താമസയോഗ്യമല്ലാത്ത വീടുകളുടെ വിശദാംശങ്ങളും പൊതുസമൂഹത്തിനു മുന്നിൽ പ്രസിദ്ധീകരിക്കുമെന്നും K രാജൻ അറിയിച്ചു.

✪✪✪

ഇടുക്കി ജില്ലയിലെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ഓണക്കിറ്റ് കൂപ്പൺ നാളെ വിതരണം ചെയ്യുമെന്ന് ജില്ലാ ലേബർ ഓഫീസർ അറിയിച്ചു. അർഹരായ തൊഴിലാളികൾ റേഷൻ കാർഡും മറ്റ് തൊഴിൽ രേഖകളുമായെത്തി കൂപ്പൺ വാങ്ങേണ്ടതാണ്.

✪✪✪

സംസ്ഥാന ന്യൂനപക്ഷ കമ്മീഷന്റെ എറണാകുളം സിറ്റിംഗ് ഉച്ചയ്ക്ക് എറണാകുളം ഗവ. ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ ചേരും. കമ്മീഷൻ ചെയർമാൻ A. A .റഷീദ് ഹർജികൾ പരിഗണിക്കും. പുതിയ പരാതികളും സ്വീകരിക്കും.

✪✪✪

അടുത്ത വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിന് സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന അപേക്ഷ നൽകുന്നതിന് തിയതി നീട്ടി. ഈ മാസം 23 വരെ ഓൺലൈനായി അപേക്ഷ നൽകാമെന്ന് കേന്ദ്ര ഹജ്ജ് കമ്മിറ്റി അറിയിച്ചു. നേരത്തെ ഇന്നു വരെയാണ് അപേക്ഷ നൽകാൻ സമയപരിധി നിശ്ചയിച്ചിരുന്നത്.

✪✪✪

ഓണക്കാല വിപണിയിൽ ഉപഭോക്തൃ സംരക്ഷണം ഉറപ്പുവരുത്താൻ ലീഗൽമെട്രോളജി വകുപ്പ് സ്ക്വാഡ് പരിശോധന ഊർജ്ജിതമാക്കി. സെപ്റ്റംബർ ഏഴിന് ആരംഭിച്ച പ്രത്യേക പരിശോധന 14 വരെ തുടരും.

✪✪✪

ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തുവിടുന്നതുമായി ബന്ധപ്പെട്ട ഹർജികളിൽ വാദം കേൾക്കാൻ പ്രത്യേക ഹൈക്കോടതി ഡിവിഷൻ ബെഞ്ച്

സിറ്റിംഗ് ഇന്ന് ആരംഭിക്കും. ജസ്റ്റിസുമാരായ A K ജയശങ്കരൻ നമ്പ്യാർ, C S സുധ എന്നിവരടങ്ങിയ ബെഞ്ചാണ് വാദം കേൾക്കുക.

✪✪✪

കേരള സൂപ്പർ ലീഗ് ഫുട്ബോളിൽ കാലിക്കറ്റ് FC യുടെ ആദ്യമത്സരം ഇന്ന്. തിരുവനന്തപുരം കൊമ്പൻസിനെ അവർ വൈകീട്ട് ഏഴിന് കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ നേരിടും. സന്തോഷ് ട്രോഫി കേരള ക്യാപറ്റൻ ജിജോ ജോസഫിന്റെ നേതൃത്വത്തിലാണ് കാലിക്കറ്റ് FC ഗ്രൗണ്ടിലിറങ്ങുന്നത്.

ഇന്നലെ മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിൽ കണ്ണൂർ വാരിയേഴ്സ്, തൃശൂർ മാജിക് FC യെ ഒന്നിനെതിരെ രണ്ട് ഗോളിന് തോൽപ്പിച്ചു.

കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം, മഞ്ചേരി എന്നിവിടങ്ങളിൽ രണ്ടുമാസം കൊണ്ടാണ് സൂപ്പർ ലീഗ് കേരള ഫുട്ബോൾ മത്സരങ്ങൾ പൂർത്തിയാകുന്നത്.

✪✪✪

തിരുവനന്തപുരത്ത് ഇന്നലെ കേരള ക്രിക്കറ്റ് ലീഗിലെ രണ്ടാം മത്സരത്തിൽ കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസ്, ആലപ്പി റിപ്പിൾസിനെ ആറ് വിക്കറ്റിന് തോൽപ്പിച്ചു. ആദ്യമത്സരത്തിൽ അദാനി ട്രിവാൻഡ്രം റോയൽസ്, കൊച്ചി ബ്ലൂ ടൈഗേഴ്സിനെ അഞ്ചു വിക്കറ്റിന് പരാജയപ്പെടുത്തിയിരുന്നു.

✪✪✪

പമ്പാനദിയിൽ ഈ മാസം 14 ന് നടത്താൻ നിശ്ചയിച്ചിരുന്ന KC മാമൻ മാപ്പിള ട്രോഫി, ഉത്രാടം തിരുനാൾ ജലമേള നിരോധിച്ചു. ഹൈക്കോടി ഉത്തരവും, സംഘർഷസാധ്യതയും കണക്കിലെടുത്താണ് നടപടി.

✪✪✪

ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി പുരുഷ ഹോക്കിയിൽ ഇന്ത്യക്ക് തുടർച്ചയായ രണ്ടാം ജയം. ചൈനയിൽ, ജപ്പാനെ ഒന്നിനെതിരെ അഞ്ചു ഗോളിനാണ് ഇന്ത്യ പരാജയപ്പെടുത്തിയത്.

ഹർമൻപ്രീത് സിങ് നയിക്കുന്ന ഇന്ത്യൻ ടീം നാളെ മലേഷ്യയെ നേരിടും. ചൊവ്വാഴ്ചയാണ് ഫൈനൽ മത്സരം.

✪✪✪

സംസ്ഥാനത്തിന് ആവശ്യമായ പഴങ്ങളും പച്ചക്കറികളും കേരളത്തിൽ തന്നെ ഉൽപാദിപ്പിക്കണമെന്ന് മന്ത്രി P പ്രസാദ് പറഞ്ഞു. അങ്കമാലിയിൽ കർഷകർക്ക് തിരിച്ചറിയൽ കാർഡിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

നവംബർ മാസത്തോടെ സമഗ്ര കാർഷിക പദ്ധതി തയാറാക്കണമെന്നും, ഇതിനാവശ്യമായ എല്ലാ സഹായങ്ങളും ഉറപ്പു വരുത്തുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

സംസ്ഥാനത്തെ ഉയർന്ന ഒരു പൊലീസ് ഉദ്യോഗസ്ഥൻ  RSS നേതാവുമായി കൂടിക്കാഴ്ച നടത്തിയതിനെ ഗൗരവമായി കാണേണ്ട കാര്യമില്ലെന്ന് സ്പീക്കർ AN ഷംസീർ കോഴിക്കോട്ട് അഭിപ്രായപ്പെട്ടു. സംഘടനകളുടെ നേതൃതലത്തിൽ പ്രവർത്തിക്കുന്നവരെ അവർ നേരിൽ കാണുന്നതിൽ അപാകതയില്ലെന്നും സ്പീക്കർ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

ഡോ. വർഗീസ് കുര്യന്റെ സ്മരണാർത്ഥം മലബാറിലെ  മികച്ച പാലുത്പാദക സഹകരണ സംഘത്തിന് ഏർപ്പെടുത്തിയ  ക്യാഷ് അവാർഡ് സ്പീക്കർ AN ഷംസീർ കോഴിക്കോട്ട് സമ്മാനിച്ചു. കാലിക്കറ്റ് സിറ്റി സർവീസ് സഹകരണ ബാങ്കിന്റെ ഒരു ലക്ഷം രൂപ ക്യാഷ് അവാർഡിന് പാലക്കാട് ചപ്പക്കാട് ക്ഷീരോദ്പാദക സഹകരണ സംഘമാണ് അർഹമായത്.

✪✪✪

ഇന്ന് ലോക ആത്മഹത്യ പ്രതിരോധ ദിനം. ആത്മഹത്യ പ്രവണത തടയുന്നതിന് അവബോധം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ലോകാരോഗ്യ സംഘടനയും ആത്മഹത്യാ പ്രതിരോധ രാജ്യാന്തര സംഘടനയും ചേർന്ന് എല്ലാവർഷവും സെപ്തംബർ പത്തിന് ലോക ആത്മഹത്യ പ്രതിരോധ ദിനം ആചരിക്കുന്നത്. ഓരോ 40 സെക്കന്റിലും ഒരാൾ വീതം ആത്മഹത്യ ചെയ്യുന്നുണ്ടെന്നാണ് ഔദ്യോഗിക കണക്ക്.

✪✪✪